**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3304** **11-03-2025 - ൽ മറുപടിയ്ക്ക്**

**ക്ഷേമനിധി പെൻഷനുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ രമേശ് ചെന്നിത്തല** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ വിവിധ ക്ഷേമനിധി ബോർഡ്/ കോർപ്പറേഷനുകളിൽ നിന്നും വിതരണം ചെയ്യാനുള്ള പെൻഷൻ കുടിശ്ശികയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | തനതു ഫണ്ടിൽ നിന്നും, ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്ന ബോർഡുകളായ കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള മോട്ടോർ തൊഴിലാളി ക്ഷേമബോർഡ്, കേരളാ കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ഷോപ്സ് ആൻഡ് കൊമേർഷ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡ് എന്നി ബോർഡുകൾ കുടിശ്ശികയില്ലാതെ പെൻഷൻ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ നാളിതുവരെ വിതരണം ചെയ്തിട്ടുണ്ട്.<br><br>കേരള ലേബർ വെൽഫയർ ഫണ്ട് ബോർഡിൽ പെൻഷൻ ഒഴികെയുള്ള മറ്റ് ആനുകൂല്യങ്ങൾ കുടിശിക ഇല്ലാതെ വിതരണം ചെയ്തിട്ടുണ്ട്. ടി ബോർഡിൽ നിന്നും പെൻഷൻ വിതരണം ചെയ്യുന്നില്ല.<br><br>കേരള ചുമട്ടു തൊഴിലാളി ക്ഷേമനിധി ബോർഡിൽ സ്കാറ്റേർഡ് ഒഴികെയുള്ള അറ്റാച്ചഡ്, അൺ അറ്റാച്ചഡ് വിഭാഗം പെൻഷനും ആനുകൂല്യങ്ങളും കുടിശ്ശികയില്ലാതെ വിതരണം ചെയ്തിട്ടുണ്ട്.<br><br>സർക്കാർ സഹായത്തോടെ പെൻഷൻ വിതരണം ചെയ്യുന്ന ബോർഡുകളിൽ പെൻഷൻ ഉൾപ്പെടെയുള്ള ആനുകൂല്യ വിതരണം കുടിശ്ശികയായിട്ടുണ്ട്. 2025 ഫെബ്രുവരി മാസത്തെ (ഒരു മാസത്തെ) പെൻഷൻ അനുവദിച്ച സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയതു വിതരണം ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.<br><br>പെൻഷൻ കുടിശ്ശികയായിട്ടുള്ള ബോർഡുകളുടെ വിവരങ്ങൾ അനുബന്ധം ആയി ചേർക്കുന്നു. |
| (ബി) | ഏതെല്ലാം ക്ഷേമനിധി ബോർഡ്/ കോർപ്പറേഷനുകളുടെ ഫണ്ടുകളാണ് സർക്കാരിലേക്ക് | (ബി) | കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിന് 2000 കോടി രൂപ വായ്പ നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | ട്രാൻസ്ഫർ ചെയ്തിട്ടുള്ളതെന്ന് അറിയിക്കാമോ; വിശദാംശം ലഭ്യമാക്കാമോ; | | കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ് 28/02/2025 വരെ 2496.0195 കോടി രൂപ ജില്ലാ ട്രഷറിയിൽ സ്ഥിരനിക്ഷേപം നടത്തിയിട്ടുണ്ട്.<br><br>മറ്റു ബോർഡുകൾ സർക്കാരിനു ഫണ്ട് ട്രാൻസ്ഫർ ചെയ്തിട്ടില്ല. |
| (സി) | ഇപ്രകാരം ഫണ്ടുകൾ ട്രാൻസ്ഫർ ചെയ്തത് മൂലം ക്ഷേമനിധി ബോർഡ്, കോർപ്പറേഷനുകളുടെ പ്രവർത്തനത്തിലും, ആനുകൂല്യങ്ങളുടെ വിതരണത്തിലും എന്തെങ്കിലും പ്രതിസന്ധി നേരിടുന്നകാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചതെന്ന് അറിയിക്കാമോ? | (സി) | കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും വായ്പ നൽകിയത് മൂലം പ്രവർത്തനത്തിലോ ആനുകൂല്യങ്ങളുടെ വിതരണത്തിലോ പ്രതിസന്ധി ഇല്ല. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

### 1.കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ്

കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിൽ കർഷക തൊഴിലാളി പെൻഷൻ നൽകിവരുന്നില്ല. കർഷക തൊഴിലാളി പെൻഷന്റെ വിതരണവും നടത്തിപ്പും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴിയാണ്.

### 2.കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡ്

കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിലവിൽ 2024 നവംബർ മാസം വരെയുള്ള പെൻഷൻ 2025 ഫെബ്രുവരിയിൽ വിതരണം ചെയ്തിട്ടുണ്ട്. നിലവിൽ 2024 ഡിസംബർ, 2025 ജനുവരി, ഫെബ്രുവരി എന്നീ 3 മാസത്തെ പെൻഷൻ മാത്രമാണ് കുടിശ്ശികയുള്ളത്.

### 3.കേരള ബീഡി-ചുരുട്ട് തൊഴിലാളി ക്ഷേമനിധി ബോർഡ്

കേരള ബീഡി-ചുരുട്ട് തൊഴിലാളി ക്ഷേമനിധി ബോർഡിൽ ഇനി 3 മാസത്തെ പെൻഷൻ തുകയാണ് നൽകുവാനുള്ളത്. 1,80,71,000/-രൂപ ഇതിനായി ആവശ്യമുണ്ട്.

### 4. കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡ്

കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡിൽ നിന്നും 2023 ഒക്ടോബർ വരെയുള്ള പെൻഷനാണ് നിലവിൽ വിതരണം ചെയ്തിട്ടുള്ളത്. 2023 നവംബർ മുതൽ 2025 ഫെബ്രുവരി വരെയുള്ള പെൻഷൻ വിതരണം ചെയ്യുന്നതിനു ഏകദേശം 992 കോടി രൂപ ആവശ്യമാണ്.

### 5. കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡ്

കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡിൽ നിന്നുള്ള ക്ഷേമപെൻഷൻ 2024 നവംബർ വരെയുള്ളത് വിതരണം നടത്തിയിട്ടുണ്ട്. 2024 ഡിസംബർ, 2025 ജനുവരി, ഫെബ്രുവരി എന്നീ മൂന്ന് മാസത്തെ പെൻഷൻ കുടിശ്ശിക നൽകുവാനുണ്ട്. ടി ഇനത്തിൽ 27,54,40,000/-രൂപ കുടിശ്ശികയായി നൽകാനുണ്ട്. കൂടാതെ അവശതാ പെൻഷൻ ഇനത്തിൽ 2023 ഒക്ടോബർ, നവംബർ, ഡിസംബർ 2024 ജനുവരി എന്നീ മാസങ്ങളിലെയും 2024 ആഗസ്റ്റ് മുതൽ 2025 ഫെബ്രുവരി വരെയുമുള്ള മാസങ്ങളിലെയും കുടിശ്ശിക നൽകാനുണ്ട്.

ഈ ഇനത്തിൽ വിതരണം നടത്തുന്നതിനുള്ള തുക പൂർണ്ണമായും സർക്കാർ ധനസഹായത്തോടു കൂടിയാണ് നൽകുന്നത്. ടി ഇനത്തിൽ 2,15,36,000/- രൂപ കുടിശ്ശികയുണ്ട്.

## 6. കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡ്

കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡിൽ, സാമ്പത്തിക പ്രതിസന്ധി കാരണം സർക്കാർ അനുവദിക്കുന്ന ഫണ്ട് ഉപയോഗിച്ചാണ് പെൻഷൻ നൽകിവരുന്നത്. 2024 ഡിസംബർ മുതൽ 2025 ഫെബ്രുവരി വരെയുള്ള 3 മാസത്തെ പെൻഷൻ കുടിശ്ശികയാണ്. കുടിശ്ശിക പെൻഷൻ വിതരണം ചെയ്യുന്നതിന് 4,06,67,200/ രൂപ ആവശ്യമുണ്ട്.

## 7. കേരള ഹെഡ് ലോഡ് വർക്കേഴ്സ് വെൽഫെയർ ബോർഡ്

**സ്കാറ്റേർഡ് വിഭാഗം –** 2024 നവംബർ മാസം വരെയുള്ള പെൻഷൻ വിതരണം ചെയ്തിട്ടുണ്ട്. 2024 ഡിസംബർ മുതൽ 2025 ഫെബ്രുവരി വരെ മൂന്ന് മാസത്തെ പെൻഷൻ കുടിശ്ശികയുണ്ട്.

## 8. കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡ്

കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡിന് പെൻഷൻ തുക പൂർണമായും അനുവദിക്കുന്നത് സർക്കാരാണ്. 2024 നവംബർ മാസം വരെയുള്ള പെൻഷൻ തുക വിതരണം ചെയ്തിട്ടുണ്ട്.

## 9. കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡ്

കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡിൽ 2024 നവംബർ മാസം വരെയാണ് പെൻഷൻ വിതരണം ചെയ്തിട്ടുള്ളത്. 2024 ഡിസംബർ മാസം 966 ഗുണഭോക്താക്കൾക്ക് 1,600/- രൂപ വീതം 15,45,600/- രൂപയും, 2025 ജനുവരി മാസം 974 ഗുണഭോക്താക്കൾക്ക് 1,600/- രൂപ വീതം 15,58,400/- രൂപയും, 2025 ഫെബ്രുവരി മാസം 991 ഗുണഭോക്താക്കൾക്ക് 1,600/- രൂപ വീതം 15,85,600/- രൂപയും, പെൻഷൻ കുടിശ്ശികയായി നിലനിൽക്കുന്നുണ്ട്.

## 10. കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ്

കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡിൽ സർക്കാർ ധന സഹായത്തോടെയാണ് പെൻഷൻ വിതരണം ചെയ്തു വരുന്നത്. 2024 ഡിസംബർ മുതൽ 2025 ഫെബ്രുവരി വരെ 105850 ഗുണഭോക്താക്കൾക്ക് 50,59,36,000/- രൂപ വിതരണം ചെയ്യാൻ ശേഷിക്കുന്നുണ്ട്.

## 11. കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷ ബോർഡ്

കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷ ബോർഡിൽ നിന്നും 2024 നവംബർ വരെയുള്ള പെൻഷൻ വിതരണം ചെയ്തിട്ടുണ്ട്.